Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2021/1707 (14) തീയതി : 22.10.2021

## സർക്കുലർ

വിഷയം:- കൈറ്റ് – പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.09.2021 ലെ ക്യു.ഐ.പി.(1)/247305/2021/ഡിജിഇ നമ്പർ സർക്കുലർ.

2. സ.ഉ.(സാധാ) നം. 4547/2021/പൊ.വി.വ തീയതി 11.10.2021.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമല്ലാത്ത കുട്ടികളുടെ എണ്ണം 'സമ്പൂർണ' പോർട്ടലിൽ അതത് സ്കൂളുകൾ ഉൾപ്പെടുത്തുന്നതിനും വിവിധ മാർഗങ്ങളിലൂടെ പിന്നീട് കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ സമ്പൂർണയിൽ പ്രസ്തുത മാറ്റം വരുത്തുന്നതിനും സൂചന 1 പ്രകാരം നിർദേശിച്ചിരുന്നു. പട്ടികവർഗ വിഭാഗം കുട്ടികളുടേയും മറ്റ് കുട്ടികളുടേയും വിശദാംശങ്ങൾ സമ്പൂർണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന രണ്ട് ആപ്ലിക്കേഷനുകളിലും അപ്ഡേഷൻ വരുത്തുന്നതിനും നിർദേശിച്ചിരുന്നു. സൂചന 2 പ്രകാരം ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികൾക്ക് കൈറ്റ് സ്കൂളുകളിൽ വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് നൽകുന്നതിന് പകരം 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായി ലഭ്യമായ പുതിയ ലാപ്ടോപ്പുകൾ സ്കൂളുകൾ വഴി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതിയിൽ ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലാപ്ടോപ്പ് വിതരണം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു;

1. ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ല എന്ന് 'സമ്പൂർണ'യിൽ രേഖപ്പെടുത്തിയ കുട്ടികൾക്ക് പിന്നീട് ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ 27.10.2021-നു മുൻപ് പ്രഥമാധ്യാപകർ ഉൾപ്പെടുത്തേണ്ടതാണ്.

2. <u>ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലുള്ള പട്ടികവർഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കുമാണ് ആദ്യഘട്ടത്തിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. അതിനാൽ പ്രസ്തുത കുട്ടികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ അപ്ഡേറ്റ് ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.</u>

3. പട്ടികവർഗ വിഭാഗം കുട്ടികളുടേയും മറ്റ് കുട്ടികളുടേയും വിശദാംശങ്ങൾ സമ്പൂർണയിൽ രണ്ട് ആപ്ലിക്കേഷനുകളായി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ അവ പ്രത്യേകമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

4. കൈറ്റിന്റെ ജില്ലാ ഓഫീസിൽ ലഭ്യമാക്കുന്ന ലാപ്ടോപ്പുകൾ വിതരണ പോർട്ടലിൽ (kite.kerala.gov.in/support) ഉൾപ്പെടുത്തി അതത് സ്കൂളുകൾക്ക് വിതരണം ചെയ്യേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് } ആമുഖ കത്ത് സഹിതം
പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ ആർ.ഡി.ഡി./എ.ഡി/ഡി.ഡി.ഇ./ഡി.ഇ.ഒ/എ.ഇ.ഒ. മാർക്കും
സ്റ്റോക്ക് ഫയൽ